പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1530 | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|

**നിർഭയ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. വി. ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | നിർഭയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) നിർഭയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് പ്രധാനമായ ഉദ്ദേശ്യം. ഇതിനായി മൂന്ന് പ്രധാന മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ ലക്ഷ്യമിടുന്നു. നിർഭയ നയത്തിന് സർക്കാർ അംഗീകാരം നൽകുകയും, സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>തടയൽ:</u> പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തി ചൂഷണ വിധേയരാകാൻ സാധ്യതയുള്ളവർക്ക് ബോധവൽകരണം നടത്തി പ്രധാന കാരണങ്ങളായ ലിംഗ വിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കലും, ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള ചെറിയ പ്രവണതകൾ പോലും മുൻ കൂട്ടി തടയലും.<br><br><u>സംരക്ഷണം:</u> പീഡിതകൾ തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നേടി സ്വന്തം സമൂഹത്തിൽ തിരിച്ചെത്തുന്നതിന് ആവശ്യമായ സംരക്ഷണം നൽകൽ. |

| | | |
|---|---|---|
| | | അതിനായി എല്ലാ ഹോമുകളിലും അടിസ്ഥാന നിലവാരം ഉറപ്പാക്കൽ. വിചാരണ: ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി നിയമത്തിന്റെ ശക്തമായ ഇടപെടലും നിയമം നടപ്പാക്കലും. |
| (ബി) | പദ്ധതിയുടെ നടത്തിപ്പിനായി നിർഭയ കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; കമ്മിറ്റി കളുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതി രെയുള്ള അതിക്രമങ്ങൾ തടയുന്ന തിന് എന്തെല്ലാം പദ്ധതികൾ നടപ്പി ലാക്കി വരുന്നുണ്ടെന്ന് വിശദമാ ക്കുമോ ? | (സി) ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് ഗാർഹിക പീഡന നിരോധന നിയമം 2005 നിലവിലുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാ തിക്രമങ്ങളും പീഡനവും തടയുന്നതിനുവേണ്ടി നിർഭയ നയം സർക്കാർ അംഗീകരിച്ചു നടപ്പാക്കിവരുന്നു. ഒരു സ്ത്രീക്കോ തന്റെ രക്ഷകർതൃത്വത്തിലുള്ള കുട്ടിക്കോ എതിരെ ഒന്നിച്ചു താമസിക്കുകയോ താമസിച്ചിട്ടുള്ളതോ ആയ വ്യക്തിയോ, വ്യക്തികളോ ശാരീരിക അതിക്രമം, സാമ്പത്തിക അതിക്രമം മുതലായവ നടത്തിയിട്ടുണ്ടെങ്കിൽ ഈ നിയമ പ്രകാരമുള്ള സംരക്ഷണവും സഹായവും അതിക്രമത്തിന് ഇരയായവർക്ക് നൽകുന്നു. കൂടാതെ ബാലനീതി നിയമം 2000 (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) അനുസരിച്ച് കുട്ടികളെ മാനസികവും ശാരീരികവുമായി പീഡിപ്പിക്കുക, ഭിക്ഷയെടുപ്പിക്കുക, ബാലവേല ചെയ്യിക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക, കഠിനമായ ജോലി |

| | | |
|---|---|---|
| | | ചെയ്യിക്കുക എന്നിവയ്ക്കെതിരെ വകുപ്പ് 23,24,25,26 പ്രകാരം ശിക്ഷയും പിഴയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ശിശുസംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ ശ്രമം നടന്നു വരുന്നു. ശിശു സംരക്ഷണ കമ്മീഷൻ രൂപീകരണം അന്ത്യഘട്ടത്തോടടു ത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

നിർഭയ പദ്ധതി നടപ്പിലാക്കുന്ന ഏറ്റവും പ്രധാന കണ്ണി ഗ്രാമീണ/ നഗരതല്ത്തിലെ പ്രാദേശിക ഭരണ സംവിധാനത്തിലുളള ജാഗ്രതാ സമിതികളാണ്. ജാഗ്രതാ സമിതിയിൽ ഉൾപ്പെടുന്നവർ-

1. പഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർപേഴ്സൺ/ കോർപ്പറേഷൻ- മേയർ( ചെയർപേഴ്സൺ)
2. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
3. വനിതാ പഞ്ചായത്ത് മെമ്പർ/വാർഡ് കൗൺസിലർ.
4. പ്രാഥമിക ആരോഗ്യകേന്ദ്രം/സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ
5. കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ
6. വനിതാ അഭിഭാഷക( ജില്ലാനിയമ സഹായ അതോറിറ്റി നിർദ്ദേശിക്കുന്ന ആൾ)
7. സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ
8. പട്ടികജാതി/പട്ടികവർഗ്ഗ പഞ്ചായത്ത് പ്രതിനിധി(വനിത)/സാമൂഹ്യ പ്രവർത്തക
9. വാർഡ്തല ജാഗ്രതാ സമിതിയുടെ കൺവീനർ
10. ഐ.സി.ഡി.എസ് സൂപ്പർവൈസർ/സി.ഡി.പി.ഒ (കൺവീനർ)

നിർഭയ പോളിസിയുടെ ഇടപെടലുകൾ ഏകോപിപ്പിക്കുന്ന തിനായി ജില്ലാതലത്തിൽ ജില്ലാ നിർഭയ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

- ചെയർ പേഴ്സൺ, ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി- ചെയർപേഴ്സൺ
- ജില്ലാ കളക്ടർ - വൈസ് ചെയർപേഴ്സൺ
- ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ - കൺവീനർ
- ജില്ലാ പ്രൊബേഷൻ ഓഫീസർ - ജോയിന്റ് കൺവീനർ

അംഗങ്ങൾ

- പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ
- ജില്ലാ മെഡിക്കൽ ഓഫീസർ
- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- ജില്ലാ പ്രോജക്ട് ഓഫീസർ,സർവ്വ ശിക്ഷാ അഭിയാൻ
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
- കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
- വനിതാ പ്രൊട്ടക്ഷൻ ഓഫീസർ (PWDV Act)
- ജില്ലാ പ്രൊബേഷൻ ഓഫീസർ (J J Act)
- പട്ടിക വർഗ വികസന ഓഫീസർ

- നോഡൽ ഓഫീസർ, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സ്ക്വാഡ്
- ബന്ധപ്പെട്ട സർക്കാർ കെയർ സ്ഥാപനങ്ങളുടെ മേധാവി
- ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി പ്രതിനിധി
- കേരള മഹിളാ സമഖ്യാ സൊസൈറ്റി പ്രതിനിധി
- ജില്ലാതല ജാഗ്രതാ സമിതി പ്രതിനിധി (അനൗദ്യോഗിക അംഗം)
- ചെയർമാൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി
- ചൈൽഡ് ലൈൻ പ്രതിനിധി
- ജില്ലാ ജാഗ്രതാ സമിതിയുടെ 3 പ്രതിനിധികൾ
- പദ്ധതിയിൽ സഹകരിച്ചു പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെ മൂന്ന് പ്രതിനിധികൾ

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും, ലൈംഗിക ചൂഷണവും, വാണിഭവും പ്രതിരോധിക്കുന്നതിനും ചുമതലയുള്ള മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കാര്യക്ഷമത അവലോകനം ചെയ്യുകയും ചെയ്യേണ്ടത് ജില്ലാ നിർഭയ സമിതി ആണ്.

സംസ്ഥാനതല ഏകോപന സമിതി

ജില്ലാ നിർഭയ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പുകൾ തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, താഴെപ്പറയുന്നവർ അംഗങ്ങളും ആയി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്.

- പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി - വൈസ് ചെയർമാൻ
- യുവജനകാര്യ വകുപ്പുമന്ത്രി - വൈസ് ചെയർപേഴ്സൺ
- സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി - കൺവീനർ

അംഗങ്ങൾ

- ചീഫ് സെക്രട്ടറി
- ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- ഡയറക്ടർ ജനറൽ ഓഫ് പോലീസ്
- ആരോഗ്യ,കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
- നിയമവകുപ്പ് സെക്രട്ടറി
- 3 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ(ജില്ലാതല നിർഭയ കമ്മിറ്റി മേധാവികൾ)
- കേരള വനിതാ കമ്മീഷൻ അംഗം
- പൊതു വിദ്യാഭ്യാസ ഡയറക്ടർ
- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
- കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് കോ-ഓർഡിനേറ്റർ
- മെമ്പർ സെക്രട്ടറി, കെൽസ
- സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ
- കേരളാസ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ
- മഹിളാ സമഖ്യ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ
- നിർഭയ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രതിനിധി
- സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സർക്കാരിതര സംഘടനകൾ/സാമൂഹ്യ പ്രവർത്തകർ

സംസ്ഥാനതല ഏകോപന സമിതി നാല് മാസത്തിൽ ഒരു തവണ യോഗം ചേരുന്നതാണ്. ഈ സമിതി യോഗം ചേർന്ന് പദ്ധതിയുടെ സ്ഥിതി വിലയിരുത്തുകയും വകുപ്പുതല ഏകോപനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമാണ്.

സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയിൽ ഔദ്യോഗിക അംഗങ്ങളും അനൗദ്യോഗിക അംഗങ്ങളും ഉണ്ട്. ഈ കമ്മറ്റിയുടെ പ്രഥമ ഉത്തരവാദിത്വം പഞ്ചായത്ത്, ജില്ലാതല നിർഭയ കമ്മറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയെന്നതാണ്.

നിർഭയ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ മുതലായവയുടെ പ്രവർത്തനങ്ങളുടെ സമയ ബന്ധിതമായ നടത്തിപ്പ് ഉറപ്പുവരുത്തേണ്ടത് പഞ്ചായത്ത്, ജില്ലാ, സംസ്ഥാനതലങ്ങളുടെ ഏകോപന സമിതികളാണ്.

സെക്ഷൻ ഓഫീസർ